## 341

എൻമനമേ ദിനവും-നമിക്ക നീ മന്നവനേശുവിനെ
നിന്നുടെ പേർക്കവൻ ഉന്നതലോകത്തിൽ
നിന്നിറങ്ങി ഭൂവി വന്നു മരിക്കയാൽ

1 നിൻ പാപഭാരമാകെ വഹിച്ചവൻ തുമ്പം സഹിക്കമൂലം
കമ്പം മരണഭയമിവയകന്നിമ്പമുദിച്ചുവല്ലോ
വൻ പിഴയാകെ ക്ഷമിച്ചു മനശ്ശാന്തി
ഉമ്പർ പുരാൻ തവ നൽകിയ കാരണാൽ

2 ഏറ്റം തടിച്ച മേഘം-കണക്കുള്ള തെറ്റുമതിക്രമവും
ഊറ്റമോടാഞ്ഞടിച്ചു വരും കൊടുംകാറ്റിനു തുല്യമായി
പാറ്റിയകലെക്കളഞ്ഞു മനഃക്ലേശം
ആറ്റി ശിക്ഷാവിധി മാറ്റിയതോർത്തു നീ

3 ഓർത്താൽ കിഴക്കുനിന്നു പടിഞ്ഞാറിന്നെത്രയകലമു ാം
അത്രയും ദൂരത്തിൽ തവ പാപമാക്കിക്കളഞ്ഞവനെ
മാത്രമല്ല തവ പാപം മഹോദധി
മദ്ധ്യത്തിലാഴ്ത്തിലിട്ടു കളകയാൽ-

4 അഗ്നിയിൽ നീ നടക്കും-തരുണത്തിൽ കത്തുകില്ലഗ്നി നിന്മേൽ
വെള്ളത്തിലൂടെയെന്നാ-ലതു നിന്നെ മൂടിക്കളകയില്ല
പേർ ചൊല്ലി നിന്നെ വിളിച്ചിരിക്കുന്നവൻ
കൂറുള്ള നിൻ ദേവനെന്നറിഞ്ഞീടുക

5 ഞാനവരോടു കൃപാ-സമേതമായ് മേവുമവരുടയ
ലംഘനത്തിൽ കരുണാ-സമൃദ്ധിയെ തങ്കുമാറാക്കുമന്നാൾ
ആയവർക്കുള്ളൊരകൃത്യവും പാപവും
ഞാനിനിയോർക്കുകില്ലെന്നുര ചെയ്കയാൽ-

**K.V.S.**